
▸ ലേഖനം

**ഡോ. ഉമർ ഒ. തസ്നീം**




● വേൾഡ് ട്രേഡ് സെന്റർ അമേരിക്കക്കാരന്റെ ഒടുങ്ങാത്ത ആർത്തിയെയും ശമിക്കാത്ത ഭോഗതൃഷ്ണയെയും മാനം മുട്ടുന്ന ഔദ്ധത്യത്തെയുമാണ് ബിംബവൽക്കരിച്ചത്. അവക്ക് നേരെയുള്ള ആക്രമണം അമേരിക്ക നിലനിൽക്കുന്നുവെന്നവകാശപ്പെടുന്ന ജനാധിപത്യത്തോടും മാനവികതയോടും സ്വാതന്ത്ര്യത്തോടുമുള്ള കടന്നാക്രമണമായി ചിത്രീകരിക്കാനായതാണ് സാമ്രാജ്യത്വത്തിന്റെ വിജയം.

# ലാദനില്ലാ ലോകം

'9/11' എന്ന കലണ്ടറിലെ മൃതാക്ഷരങ്ങൾ അമേരിക്കയിലെ കുട്ടികൾ വായിക്കാറുള്ളത് 'കിടിലം! കിടിലം!' എന്നാണ്.

2001-ൽ അമേരിക്കൻ സാമ്രാജ്യത്വം ഉടലോടെ വിറച്ച ആ സംഭവം അവലോകനം ചെയ്ത സാമൂഹികശാസ്ത്രജ്ഞൻ ഡേവിഡ് ന്യൂമാൻ എഴുതിയതനുസരിച്ച്, 9/11 നെ തുടർന്നുള്ള മാസങ്ങളിൽ അമേരിക്കയിൽ ജനനനിരക്ക് കുത്തനെ കൂടി. മുമ്പൊരിക്കലുമില്ലാത്ത വിധം അത് അമേരിക്കക്കാരെ പരസ്പരം അടുപ്പിച്ചു. യാന്ത്രികതയുടെ വിരസമായ ആവർത്തനത്തിൽ ആലിംഗന സുഖം പോലും വിസ്മരിച്ച ദാമ്പത്യങ്ങൾക്ക് അത് ഭീതിയുടെ വിപരീതോർജം നൽകി. അങ്ങനെ നിരവധി മരണങ്ങൾക്കുത്തരവാദിയായ ആ ദുരന്തം അതിലേറെ ജനനങ്ങൾക്ക് ഹേതുവായി.

ഇരട്ടഗോപുരങ്ങളുടെ വിസ്മയിപ്പിക്കുന്ന പതനത്തിന് (Spectacular Destruction എന്ന് അമേരിക്കൻ പത്രങ്ങൾ) ഉത്തരവാദി വാസ്തുനിർമാണ ബിരുദധാരിയായിരുന്ന സുഊദി കോടീശ്വരൻ മുഹമ്മദ് ലാദന്റെ മകൻ ഉസാമയായിരുന്നോ, അതോ അങ്കിൾസാമിന്റെ രാക്ഷസ ഗാത്രത്തിലെ വല്ല വിലോമസ്വത്വങ്ങളുമായിരുന്നോ എന്നത് ഇനിയും ഗവേഷണങ്ങൾക്ക് പഴുതനുവദിക്കുന്ന വിഷയമാണ്.

പക്ഷേ, 9/11 അമേരിക്കക്ക് വിട്ട് മാറാത്ത പേക്കിനാവായി മാറാനുള്ള കാരണം ഉസാമ പ്രതിനിധാനം ചെയ്യുന്ന പ്രതിഭാസത്തെക്കുറിച്ച അബോധ ഭീതികളാണെന്നതിൽ സംശയമില്ല.

9/11 ന്റെ കിരാതത്വം അമേരിക്കയുടെ നൃശംസതകളുമായി വെച്ച് നോക്കുമ്പോൾ ഒന്നുമായിരുന്നില്ലെന്ന് ചോംസ്കി പറയുന്നു: ഉസാമയെ വധിച്ച 'നീതി' പ്രയോഗിച്ചാൽ ബുഷ് അടക്കമുള്ള അമേരിക്കൻ പ്രസിഡന്റുമാരെ വധിക്കാൻ പലർക്കും ന്യായമുണ്ടെന്നും അദ്ദേഹം നിരീക്ഷിക്കുന്നു. എന്നിട്ടും '9/11' എന്തുകൊണ്ട് അമേരിക്കക്കാരന് ക്രൂരതയുടെയും കിരാതത്വത്തിന്റെയും അവസാനവാക്കായി അനുഭവപ്പെടുന്നു? മൂവായിരത്തോളം ആളുകൾ കൊല്ലപ്പെട്ടതോ (ഇതിനേക്കാൾ എത്രയോ ഇരട്ടി ആളുകൾ മയക്കുമരുന്നും പുകവലിയും മൂലം അമേരിക്കയിൽ വർഷാവർഷം മരിക്കുന്നു) രണ്ട് മഹാസൗധങ്ങൾ തകർക്കപ്പെട്ടതോ അല്ല, മറിച്ച് പടിഞ്ഞാറൻ ചരിത്രാഖ്യാനത്തിൽ ഒരു ബാഹ്യശക്തി തൊട്ടാലറിയാവുന്ന പരുവത്തിൽ ഇടപെട്ടുകളഞ്ഞു, അതാണ് അമേരിക്കയെ ഞെട്ടിച്ചതെന്ന് തലാൽ അസദ് തന്റെ *ഓൺ സൂയിസൈഡ് ബോംബിംഗ്* എന്ന കൃതിയിൽ പറയുന്നത്.

**സാമ്രാജ്യത്വത്തിന്റെ വിജയം**

മറ്റ് രാജ്യങ്ങളിൽ വേണ്ടത് പോലെ കടന്ന് കയറി, അവിടങ്ങളിലെ ഭരണ-ജന-ആവാസക്രമങ്ങളെ താറുമാറാക്കാനും അണുവികിരണങ്ങളുടെയും രാസമാലിന്യങ്ങളുടെയും സ്ഥിരനിക്ഷേപമിറക്കി തലമുറകളെ ജീവച്ഛവങ്ങളാക്കാനും ദൈവദത്തമായ അവകാശം തങ്ങൾക്കുണ്ടെന്ന് അമേരിക്കക്കാർ കരുതുന്നു.


ഒന്നാം ലോകയുദ്ധ ചരിത്രകാരനായ റിച്ചാർഡ് ഗേംബ്ളിന്റെ അഭിപ്രായത്തിൽ, ലോകത്തെ അതിജീവനത്തിനർഹർ, അനർഹർ എന്ന് രണ്ടായി പകുത്ത് കാണുന്ന അമേരിക്കക്കാരന്റെ 'മനീക്കിയൻ' ശീലങ്ങളാണ് അതിന്റെ

നീതിരഹിതമായ വിദേശനയത്തെ നിയന്ത്രിക്കുന്നത്. വെളുപ്പും വെളിച്ചവും നന്മയും, ക്രിസ്തുവിനെയും അമേരിക്കയെയും അത് നേതൃത്വം നൽകുന്ന പടിഞ്ഞാറിനെയും അടയാളപ്പെടുത്തുമ്പോൾ അപരൻ കറുപ്പിനെയും തിന്മയെയും പിശാചിനെയും പ്രതീകവൽക്കരിക്കുന്നു (പിശാചുക്കളിൽ കൊള്ളാവുന്നവരും കുരുത്തം കെട്ടവരുമുണ്ടെന്നത് വേറെ കാര്യം. കേണൽ നൊറിയേഗ ആദ്യം നല്ല പിശാചായിരുന്നു: Though he is a son of a bitch, he is our son of a bitch എന്ന നിക്സന്റെ പ്രസ്താവനയോർക്കുക).

കണ്ണാടിയിൽ നോക്കുമ്പോൾ ആത്മഹർഷം നൽകുന്ന വ്യാജമായ ഈ ഉൽക്കർഷബോധത്തെ 'മോറൽ നാർസ്സിസം' എന്ന് വിശേഷിപ്പിക്കാം. കപടമായ ഈ ഔന്നത്യബോധം മറ്റുള്ളവരെക്കൊണ്ട് -ഇന്ത്യയടക്കം- അംഗീകരിപ്പിക്കാനായി എന്നതാണ് സാമ്രാജ്യത്വത്തിന്റെ വിജയം. ബിൻലാദിൻ വധത്തോട് ഒരു മഹാശ്വാസത്തിന്റെ നെടുവീർപ്പോടെ പ്രതികരിച്ചപ്പോൾ അന്താരാഷ്ട്രസമൂഹം ഈ അംഗീകാരത്തിനടിവരയിടുകയായിരുന്നു.

നമ്മുടെ ചിന്തകളെയും വിശ്വാസത്തെയും നിയന്ത്രിക്കാനുള്ള സാമ്രാജ്യത്വത്തിന്റെ ശേഷിയാണ് ഇത് പ്രതിഫലിപ്പിക്കുന്നത്. ലാദനെ വധിച്ച ഒബാമ ലോകത്തോട് പ്രഖ്യാപിച്ചു: 'നിരപരാധികളായ അനവധി കുട്ടികളുടെയും സ്ത്രീകളുടെയും പുരുഷന്മാരുടെയും കൊലക്കുത്തരവാദിയായിരുന്നു ഉസാമ.' ഒബാമ ഉപയോഗിച്ച 'ഇന്നസെന്റ്' എന്ന വാക്കിന് മലയാളത്തിലെ 'നിരപരാധി'യെ കവച്ചുവെക്കുന്ന അർഥതലങ്ങളുണ്ട്. നിർഗുണനായ നിരപരാധിയെന്നതിനേക്കാൾ ഒരു പൂർണനിഷ്കളങ്കനെയാണ് അത് കുറിക്കുന്നത്. ലോകം മുഴുവൻ തങ്ങളുടെ സുഖഭോഗത്തിനുള്ള ഇന്ധനവും വിറകുമാണെന്ന് വിശ്വസിക്കുന്ന അമേരിക്കക്കാരനെ ഉദ്ദേശിച്ച് ഈ വാക്കുപയോഗിക്കുന്നതിൽ പ്രത്യക്ഷമായ 'ഐറണി'യുണ്ട്.

ഒബാമ ഉദ്ദേശിക്കുന്ന ഈ 'നിഷ്കളങ്കരി'ൽ യു.എസ്.എസ് കോളിലുണ്ടായിരുന്ന 'പാവം' മെറീനുകളും ഉൾപ്പെടും. 'നിർദോഷ'മായ എന്തുദ്ദേശ്യം വെച്ചായിരുന്നു ഇവർ യമനീ തീരത്ത്, കടൽ കഴുകന്മാരെ പോലെ മണം പിടിച്ച് നടന്നത്? അമേരിക്കയുടെയും ഇതര പടിഞ്ഞാറൻ രാജ്യങ്ങളുടെയും നാവിക വ്യൂഹങ്ങൾ ആഫ്രിക്കൻ, ഏഷ്യൻ തീരങ്ങളിലെ ആ




● അമരിന്ത്യക്കാരുടെ ധീരമായ ചെറുത്തുനിൽപിന് നേതൃത്വം നൽകിയ ജെറോനിമോയുടെ പേര് തന്നെ ഉസാമ വിരുദ്ധ ഓപറേഷന് നൽകുക വഴി അപരനെ സ്വാംശീകരിച്ച് (Destroying through appropriation) നശിപ്പിക്കുകയെന്ന സാമ്രാജ്യത്വ തന്ത്രം തന്നെയാണ് ഒബാമ പ്രയോഗിച്ചിരിക്കുന്നത്.

വാസ ജീവസന്ധാരണ രീതികളെ എങ്ങനെ താറുമാറാക്കുന്നുവെന്നത് ഈയിടെ ഏറെ ആഖ്യാനങ്ങൾക്ക് വിഷയമായതാണ്.

അമേരിക്കൻ മെറീനുകളുടെ പരിശീലനമുറകളെക്കുറിച്ച് ജൊആനാ ബോർക്കിനെപ്പോലുള്ളവർ എഴുതിയത് വായിച്ചാൽ ഇവരിൽനിന്ന് പ്രതീക്ഷിക്കാവുന്ന മര്യാദകൾ മാലോകർക്ക് മനസ്സിലാകും. ബോർക്കിന്റെ അഭിപ്രായത്തിൽ ഒരു സൈനികനിൽ കുടികൊള്ളുന്ന മനുഷ്യത്വത്തിന്റെ അവസാന അംശവും നിർവീര്യമാക്കാനും അവനെ മനസാക്ഷികുത്തില്ലാത്ത ഒരു ഘാതകയന്ത്രമാക്കി പരിവർത്തിപ്പിക്കാനുമുള്ള അഭ്യാസമുറകളിലൂടെയാണ് ഓരോ മെറീനറും വാർത്തെടുക്കപ്പെടുന്നത്. നിർണിതവും സുരക്ഷിതവുമായ ദൂരത്ത് നിലയുറപ്പിച്ച് 'അപരനെ' നിഗ്രഹിക്കാൻ ഇത്തരം ഹിംസ്രജീവികളെ ആണവക്കളിപ്പാട്ടങ്ങളുമായി വിഹരിക്കാൻ വിടുന്ന ഒബാമയും, തങ്ങളുടെ ഭൂമിയും ധാതുസമ്പത്തും സ്വത്വവും കവർന്നെടുക്കുന്നവരെ ഭസ്മീകരിക്കാൻ മനുഷ്യബോംബുകളെ തൊടുത്ത് വിടുന്ന ഉസാമയും തമ്മിൽ പേരിന്റെ നടുവക്ഷരത്തിനപ്പുറം നീളുന്ന വ്യത്യാസങ്ങളില്ലേ?


വേൾഡ് ട്രേഡ് സെന്ററിൽ കൊല്ലപ്പെട്ടവർ മെറീനുകളെപ്പോലെ തങ്ങളുടെ മനുഷ്യത്വം നിർവീര്യമാക്കുന്നതിൽ വിജയിച്ചവരായിരുന്നില്ല. പക്ഷേ, അവരും സാങ്കേതികാർഥത്തിൽ മാത്രമാണ് പൂർണ നിരപരാധികളാകുന്നത്.

ഒരേകാധിപതി ചെയ്യുന്ന കുറ്റങ്ങൾക്ക് അയാളും കങ്കാണിമാരും മാത്രമേ ഉത്തരവാദികളാവൂ. പക്ഷേ, ഒരു ജനാധിപത്യ രാജ്യം നടത്തുന്ന നൃശംസതകൾക്ക് ഭരണകൂടവും അതിനെ താങ്ങിനിർത്തുന്ന സകല ജനങ്ങളും ഉത്തരവാദികളാണെന്ന അരുന്ധതീ റോയിയുടെ പ്രസ്താവന ഇവിടെ സംഗതം.

2002-ൽ സുഊദിയിലെ ഹായ്ൽ സർവകലാശാലയിൽ അധ്യാപകനായിരിക്കെ അമേരിക്കക്കാരനായ സഹപ്രവർത്തകൻ മാക് ക്ലാർക്കുമായുണ്ടായ സംഭാഷണം ഓർക്കുന്നു: 'If Bush bombs Iraq, I won't be coming back next year.'

നല്ലവനായ അദ്ദേഹത്തിന്റെ മുഖത്ത് പ്രകടമായിരുന്ന നിസംഗതയിൽ അറപ്പ് തോന്നി. 'ഇറാഖിനെ ബോംബിടുക' എന്നദ്ദേഹം പറഞ്ഞതെത്ര ലാഘവത്തോടെ! കൊലയെയും ഹിംസയെയും കുറിക്കുന്ന പദങ്ങൾ എങ്ങനെ അമേരിക്കക്കാരന്റെ നിത്യവ്യവഹാരത്തിലെ വാക്കുകളായെന്നതിനെ ക്കുറിച്ച് ഗേംബ്ൾ എഴുതുന്നു: "നാമെല്ലാം 'ലൈറ്റ് ഓഫാക്കുക' എന്ന് പറയുന്നേടത്ത് അമേരിക്കക്കാരൻ പറയുക 'Kill the light, kill the engine' എന്നൊക്കെയാണ്. 'വിശുദ്ധ' യുദ്ധങ്ങളിൽ സ്വന്തം പട്ടാളക്കാർ കൊല്ലപ്പെടുന്നത് അമേരിക്കക്കാരന് മാനഹാനിയാണ്. എന്നാൽ, മറുഭാഗത്തെ നിരപരാധികളുടെ കൂട്ടക്കശാപ്പ് അവന്റെ ഉറക്കത്തെ അലോസരപ്പെടുത്താറില്ല." അമേരിക്കക്കാരന്റെ ജീവനുമായി തട്ടിച്ച് നോക്കുമ്പോൾ അപരന്റെ ജീവന് വിനിമയമൂല്യം കുറവാണെന്ന സായിപ്പിന്റെ വിശ്വാസത്തിന് യു.എന്നിന്റെ കൂടി അംഗീകാരമുള്ളതിനാൽ ഇങ്ങനെയൊക്കെ ചിന്തിക്കുന്നതിൽ അവരെമാത്രം പഴിചാരിക്കൂടാ (യു.എന്നിന്റെ അംഗീകൃത പട്ടിക പ്രകാരം ഒരിന്ത്യക്കാരന്റെ പതിന്മടങ്ങ് നഷ്ടപരിഹാരം കൊടുക്കണം ഒരമേരിക്കനോ യൂറോപ്യനോ മരിച്ചാൽ!).

വേൾഡ് ട്രേഡ് സെന്റർ അമേരിക്കക്കാരന്റെ ഒടുങ്ങാത്ത ആർത്തിയെയും ശമിക്കാത്ത ഭോഗതൃഷ്ണയെയും മാനം മുട്ടുന്ന ഔദ്ധത്യത്തെ



■ തലാൽ അസദ്



■ ടെറി ഈഗിൾട്ടൻ

യുമാണ് ബിംബവൽക്കരിച്ചത്. അവക്ക് നേരെയുള്ള ആക്രമണം അമേരിക്ക നിലനിൽക്കുന്നുവെന്നവകാശപ്പെടുന്ന ജനാധിപത്യത്തോടും മാനവികതയോടും സ്വാതന്ത്ര്യത്തോടുമുള്ള കടന്നാക്രമണമായി ചിത്രീകരിക്കാനായതാണ് സാമ്രാജ്യത്വത്തിന്റെ വിജയം. വിമത ശബ്ദങ്ങളെ പൂർണമായി തമസ്കരിക്കാനും നിർവീര്യമാക്കാനുമുള്ള മാധ്യമാധീശത്വമായിരുന്നു ഈ Misinformation Warൽ വിജയിച്ചത്.

സാമ്രാജ്യാധിനിവേശം ഭൂമിയെയും പ്രകൃതിയെയും പ്രാണവായുവിനെയും മാത്രമല്ല, നമ്മുടെ പാവന സങ്കൽപങ്ങളെയും ഭാവനയെയും ഭാഷയെയും കവർന്നെടുക്കുന്നുവെന്ന് അരുന്ധതി പറഞ്ഞതാണ് ഇവിടെ യാഥാർഥ്യമാകുന്നത്. തീവ്രവാദിയാര്, ഭീകരനാര്, നിഷ്കളങ്കനാര്, നിരപരാധിയാര് എന്നെല്ലാം ആയുധങ്ങളും മാധ്യമങ്ങളും കൈയാളുന്ന അധികാരിവർഗം തീരുമാനിക്കുന്നു. ആ തീരുമാനങ്ങൾക്ക് മേൽ തിരുത്തോ അപ്പീലോ വിചാരണയോ ഇല്ല. ഒരു ഓർവെല്ലിയൻ 'ഡിസ്ടോപ്യ'യിലേത് പോലെ എതിർ നിർവചന സാധ്യതകളെപ്പോലും അധീശത്വനിഘണ്ടുക്കൾ അംഗീകരിക്കുന്നില്ല. കോടതിയും വക്കീലും ന്യായാധിപനും ആരാച്ചാരുമെല്ലാം ഏമാൻ തന്നെ. അതംഗീകരിക്കാത്തവർ ബുഷിന്റെ ഭാഷയിൽ ഭീകരരാണ്. കാരണം, ഭീകരവിരുദ്ധ യുദ്ധത്തിൽ 'നിഷ്പക്ഷ'മെന്ന ഒരു കള്ളിയില്ലെന്ന് കളി തുടങ്ങും മുമ്പ് സായിപ്പ് പറഞ്ഞതാണ്.

ഒരുവേള സായിപ്പിന്റെ അബോധങ്ങളെ നോവിക്കുന്ന കുറ്റബോധമാണോ തങ്ങൾ നിഷ്കളങ്കരും നിരുപദ്രവികളുമാണെന്ന് നിരന്തരം ഉൽബോധിപ്പിക്കാൻ അവനെ പ്രേരിപ്പിക്കുന്നത്?

സംസ്കൃതികളുടെ ചരിത്രം അപൂർവമായേ രക്തരഹിത പ്രജനനങ്ങൾക്ക് (Immaculate Conception) വേദിയായിട്ടുള്ളുവെന്ന് റോക്സേന യുബീൻ പറയുന്നു. പക്ഷേ, അമേരിക്കയോളം രക്തപങ്കിലമായ ചരിത്രം അവകാശപ്പെടുന്നവർ അത്യപൂർവമായിരിക്കും. ദശലക്ഷക്കണക്കിന് അമരിന്ത്യക്കാരുടെയും കറുത്ത വർഗക്കാരുടെയും ചോരയിലും വിയർപ്പിലും പണിത് പൊക്കപ്പെട്ട ഭീകരസ്വത്വമാണ് യുനൈറ്റഡ് സ്റ്റേറ്റ്സ്. മറ്റൊരു വംശീയ ഉന്മൂലനത്തിലൂടെ ഭൂപടത്തിൽ വേരിറക്കിയ ഇസ്രയേലുമായി അമേരിക്ക പുലർത്തുന്ന 'ആത്മീയ' ബന്ധത്തിന് ഒരു പക്ഷേ, ജനിതകമായ ഈ ഉപപാഠമുണ്ട്.

അമരിന്ത്യക്കാരുടെ ധീരമായ ചെറുത്തുനിൽപിന് നേതൃത്വം നൽകിയ ജെറോനിമോയുടെ പേര് തന്നെ ഉസാമ വിരുദ്ധ ഓപറേഷന് നൽകുക വഴി അപരനെ സ്വാംശീകരിച്ച് (Destroying through appropriation) നശിപ്പിക്കുക യെന്ന സാമ്രാജ്യത്വ തന്ത്രം തന്നെയാണ് ഒബാമ പ്രയോഗിച്ചിരിക്കുന്നത്. വെള്ളക്കാരുമായുള്ള പോരാട്ടത്തിൽ, അമ്മയെയും മൂന്ന് മക്കളെയും ഭാര്യയെയും നഷ്ടപ്പെട്ട ജെറോനിമയുമായി ഉസാമക്കുള്ള സാദൃശ്യത്തെക്കുറിച്ച് ബ്ലോഗർമാർ എഴുതുന്നത് കാണാതിരിക്കാനുള്ള ചങ്കൂറ്റവും ഇതിന്റെ ഭാഗമാണ്.

**സാമ്രാജ്യത്വത്തിന്റെ പരാജയം**

ആത്മ പ്രതിരോധത്തിനും രാജ്യരക്ഷക്കുമായി ബില്യൻ കണക്കിന് ഡോളറുകൾ ചെലവഴിക്കുന്നുവെങ്കിലും പട്ടിണി കരാളനൃത്തം ചവിട്ടുന്ന ആഫ്രിക്കയിലെ ശരാശരി പൗരനേക്കാൾ അരക്ഷിതനായാണ് അമേരിക്കക്കാരൻ അന്തിയുറങ്ങുന്നത്. വിഷാദശമനികളുടെയും നിദ്രാപ്രേരകങ്ങളുടെയും മാന്ത്രിക വലയത്തിലേ അവന് മനശാന്തിയുള്ളൂ. എല്ലാ സാമ്രാജ്യങ്ങളും ആത്മവിനാശത്തിന്റെ അംശങ്ങൾ ആന്തരികവൽക്കരിക്കുന്നുവെന്ന വസ്തുതയിലേക്കാണിത് വിരൽ ചൂണ്ടുന്നത്.



■ ജെറോനിമോ

ലോകത്തെ ദഹിപ്പിക്കാൻ പോന്ന ഭോഗാർത്തിയുമായി ചീർത്ത് വീർത്ത് ആത്മഹത്യയുടെ വഴിവെട്ടുന്ന അമേരിക്കക്കാരനിൽ പടിഞ്ഞാറിന്റെ നാശം കൊതിക്കുന്ന താലിബാൻകാരന് മികച്ച കൂട്ടാളിയുണ്ടെന്ന മാർക്സിസ്റ്റ് ചിന്തകൻ ടെറി ഈഗിൾട്ടന്റെ നിരീക്ഷണം ഇവിടെ പ്രസക്തമാണ്.

ലോകത്തെ പലതവണ ഭസ്മീകരിക്കാൻ പോന്ന നശീകരണായുധങ്ങൾക്ക് മേൽ അടയിരിക്കുന്ന ടെക്സാൻ ഭീകരനും ശത്രുസംഹാരത്തിനായി ആത്മാഹുതി ചെയ്യുന്ന താലിബാൻ ഭീകരനുമായുള്ള വ്യത്യാസം തനിക്ക് മനസ്സിലാകുന്നില്ലെന്ന് പറയുന്ന ഈഗിൾട്ടൺ, ബെർട്ടോൾഡ് ബ്രെഹ്തിനെ ഉദ്ധരിച്ച് കൊണ്ട് ചോദിക്കുന്നു: 'ഒരു ബാങ്ക് സ്ഥാപിക്കുന്നവനും ആ ബാങ്ക് കൊള്ളയടിക്കുന്നവനും തമ്മിൽ മൗലികമായി എന്ത് വ്യത്യാസം? രണ്ട് പേരും ഒരുപോലെ ആളുകളെ ഞെക്കിക്കൊല്ലുന്ന കഴുത്തറപ്പന്മാർ!'

എന്നാൽ 'വിശുദ്ധ ഭീതി' (Holy Terror) യെക്കുറിച്ചുള്ള വിചിന്തനത്തിൽ, മറ്റൊരിടത്ത് ഇവർ തമ്മിലുള്ള വ്യത്യാസമെന്തെന്ന് ഈഗിൾട്ടൺ പറയുന്നു: 'ആത്മാഹുതിയിലൂടെ ശത്രുസംഹാരത്തിന്നിറങ്ങി പുറപ്പെടുന്നവൻ അപഹരിക്കപ്പെട്ട ആത്മാഭിമാനത്തിന്റെ അവസാന അംശത്തിനായാണ് പൊരുതുന്നത്. സുഊദിയിലെ കോടീശ്വരപുത്രനായി ജനിച്ച് തോറാബോറയിൽ പൊരുതി ഒടുവിൽ ഐബൊട്ടാബാദിൽ വധിക്കപ്പെട്ട ലാദൻ ആത്മാഭിമാനത്തിന്റെ ഈ അവസാനതുള്ളിക്കായിരുന്നോ പൊരുതിയത്?' മറുപടി നൽകേണ്ടത് ചരിത്രമാണ്. ■

uotasnm@yahoo.com

(ഈ ലേഖനത്തിലെ ഉദ്ധരണികൾക്ക് ടെറി ഈഗിൾട്ടന്റെ Holy Terror, തലാൽ അസദിന്റെ On Suicide Bombing എന്നീ കൃതികളോട് കടപ്പാട്).